ജയിലാസ്ഥാനകാര്യാലയം,
തിരുവനന്തപുരം – 12,
തീയതി: 05/07/2019.

<u>സർക്കുലർ നം: 31</u>

ജയിൽ ഉദ്യോഗസ്ഥർ കോടതിയിൽ ഡ്യൂട്ടിയ്ക്ക് പോകുന്നു എന്ന വ്യാജേന ഓഫീസ് വിട്ട് പോകുന്നതായി എൻറെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ബഹു: കോടതികളിൽ ഹാജരാകേണ്ടപ്പോൾ കോടതികളിൽനിന്നം നോട്ടീസ്, സമൻസ് മുതലായവ ലഭിക്കും. ആയതിൻറെ പകർപ്പ് മേലുദ്യോഗസ്ഥന് നൽകി മുൻകൂർ അനുവാദം വാങ്ങി ഓഫീസ് വിട്ടുപോകേണ്ടതും കൃത്യമായി ബഹു. കോടതിയിൽ ഹാജരാകേണ്ടതുമാണ്. കോടതിയിൽ നിന്നും മടങ്ങുന്ന സമയം കോടതിയിൽ ഹാജരായി തെളിവുകൾ നൽകി എന്നതിലേക്ക് ബഹു. കോടതിയിൽനിന്നും ലഭിക്കുന്ന കോർട്ട് അറ്റൻഡൻസ് സർട്ടിഫിക്കറ്റ് വാങ്ങി മേലധികാരി മുമ്പാകെ ഹാജരാക്കേണ്ടതാണ്.

കോടതിയിൽ ഹാജരാകുന്ന ഉദ്യോഗസ്ഥരുടെ വിവരം യഥാസമയം വകുപ്പദ്ധ്യക്ഷനെ എല്ലാ മേഖലാ ഡി.ഐ.ജി. മാരും, ജയിൽ സൂപ്രണ്ടുമാരും അറിയിക്കേണ്ടതുമാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതായിരിക്കും.

ഋഷിരാജ് സിംഗ് ഐ.പി.എസ്.
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്.

എല്ലാ മേഖലാ ഡി.ഐ.ജി. മാർക്കും.
എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും.
എല്ലാ മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥർക്കും.